LIBRARY ARCHIVES Kerala Legislative Assembly

കായംകുളം നഗരസഭാ പ്രദേശത്തെ ഡെങ്കിപ്പനി പ്രതിരോധനടപടികൾ

34 (2243) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നഗരസഭാ പ്രദേശത്ത് ഡെങ്കിപ്പനി പടരാൻ സാധ്യത ഏറെയുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും കായംകുളം നഗരസഭ പ്രദേശത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

35 (2244) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ജനറൽ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ആശുപത്രി ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം വാങ്ങുന്നതിന് എം.പി. ചെയർമാനായും സ്ഥലം എം.എൽ.എ. കൺവീനറായും ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി സ്ഥലം വില കൊടുത്ത് വാങ്ങുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത്, തലശ്ശേരി നഗരസഭ എന്നീ സ്ഥാപനങ്ങൾ 50 ലക്ഷത്തിൽ

കുറയാത്ത തുകയും തലശ്ശേരി താലൂക്കിലെ ഗ്രാമപഞ്ചായത്തുകൾ 10 ലക്ഷത്തിൽ കുറയാത്ത തുകയും സംഭാവന നൽകുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട എം.എൽ.എ. തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ പഞ്ചായത്ത് നഗരസഭാ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള തീരുമാനം ഭേദഗതി ചെയ്ത് പ്രത്യേക കേസായി പദ്ധതി വിഹിതത്തിൽനിന്നും തുക നൽകുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) 2015-16-ൽ 2210 പ്ലാൻ ശീർഷകത്തിലോ 4210 പ്ലാൻ ശീർഷകത്തിലോ തുക വകയിരുത്തിയിട്ടില്ല.

പക്ഷാഘാത ചികിത്സ

36 (2245) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; എന്തെല്ലാം ചികിത്സാസൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടെലി മെഡിസിൻ സംവിധാനവും സി.ടി. സ്കാനും നിലവിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഈ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly